(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ചും, അവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്കുമാണ് ധനസഹായം അനുവദിക്കുന്നത്.

മരം മുറിച്ചതുമായി ബന്ധപ്പെട്ട പരാതി

201 (2233) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂർ മണ്ഡലത്തിൽപ്പെട്ട വെട്ടം പഞ്ചായത്തിലെ ഒരു സർക്കാർ സ്കൂൾ ഗ്രൗണ്ടിൽ നിന്നിരുന്ന മരം മുറിച്ചതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലപ്പുറം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ അന്വേഷണം നടത്തിയതിൽ തിരൂർ മണ്ഡലത്തിൽപ്പെട്ട വെട്ടം പഞ്ചായത്തിലെ പറവണ്ണ ജി.യു.പി. സ്കൂളിലെ മാവ് മരത്തിന്റെ ശിഖരങ്ങൾ മുറിക്കുന്നതിന് ഹെഡ്മാസ്റ്ററുടെയോ പഞ്ചായത്തിന്റെയോ അപേക്ഷ മരംമുറി അനുവദിക്കുന്നതിനുള്ള കമ്മിറ്റിക്ക് ലഭിച്ചിട്ടില്ലാത്തതും മരം മുറി അനുവദിച്ചിട്ടില്ലാത്തതുമാണ്. ഇപ്രകാരം മുറിച്ചുമാറ്റിയ മരത്തിന്റെ ശിഖരങ്ങൾ കെട്ടിടങ്ങൾക്കോ ജീവനോ യാതൊരുവിധ ഭീഷണിയുമില്ലാത്തതും കേടുപാടുകൾ ഒന്നുംതന്നെയില്ലാത്തതുമാണ്. ഹെഡ്മാസ്റ്ററും പി.റ്റി.എ. പ്രസിഡന്റും ചേർന്നു കൊണ്ട് മേൽപ്പടി മരത്തിന്റെ ശിഖരങ്ങൾ വെട്ടിമാറ്റിയതിന് ഹെഡ്മാസ്റ്ററോട് 31-12-2010-ന് രാവിലെ മലപ്പുറം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ്, ഫോറസ്റ്റ് കൺസർവേറ്റർ മുമ്പാകെ സ്റ്റേറ്റ്മെന്റ് എടുക്കുന്നതിന് ഹാജരാകുവാൻ നിർദ്ദേശിച്ചെങ്കിലും ടിയാൻ ഹാജരായില്ല. ആയതിനാൽ ഹെഡ്മാസ്റ്ററുടെ പേരിൽ നടപടി സ്വീകരിക്കുവാൻ വിദ്യാഭ്യാസ വകുപ്പിനോട് മലപ്പുറം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ ചെയ്തിട്ടുള്ള വിവരം അറിയിക്കുന്നു.

പേരാമ്പ്ര മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ

202 (2234) ശ്രീ. കെ. കുഞ്ഞമ്മദ് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പ് പേരാമ്പ്ര മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ, നിലവിലുള്ള അവസ്ഥ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ സഹിതം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly